LIBRARY ARCHIVES Kerala Legislative Assembly

മാക്കേക്കടവ് - നേരേക്കടവ് പാലം നിർമ്മാണം

70(2426) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ മാക്കേക്കടവ്-നേരേക്കടവ് പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

നേരേക്കടവ്-മാക്കേക്കടവ് പാലത്തിന്റെ നിർമ്മാണം ഏകദേശം 55 ശതമാനം പൂർത്തീകരിച്ചു. സ്ഥലമേറ്റെടുപ്പ് പൂർത്തിയാകാത്തതിനാൽ ഇപ്പോൾ പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത പാലത്തിനും അപ്രോച്ച് റോഡിനും വേണ്ടി ഭൂമി വിട്ടു നൽകിയവർക്ക് നഷ്ടപരിഹാര തുക നൽകിയോ; വിശദമാക്കാമോ?

ഭൂമി വിട്ടുനല്കിയവർക്ക് നഷ്ടപരിഹാര തുക നൽകിയിട്ടില്ല. നഷ്ട പരിഹാരത്തിന് ആവശ്യമായ തുക പൊതുമരാമത്തുവകുപ്പിൽ നിന്നും 2021 മാർച്ച് മാസത്തിൽ റവന്യു വകുപ്പിന് കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കൾക്കുള്ള റീ-ഹാബിലിറ്റേഷൻ പാക്കേജിന് റവന്യു വകുപ്പിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാര തുക നൽകാനാകുന്നതാണ്.

നിർദ്ദിഷ്ട അഴീക്കോട്-മുനമ്പം പാലം

71(2427) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, എറണാകുളം ജില്ലകളുടെ തീരദേശങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന അഴീക്കോട്-മുനമ്പം പാലത്തിന്റെ തറക്കല്ലിട്ട് 11 വർഷം കഴിഞ്ഞുവെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ നടപടിക്രമങ്ങൾ അനന്തമായി നീളുകയാണെന്നത് കണക്കിലെടുത്ത് പ്രസ്തുത പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

&

(ബി) പ്രസ്തുത പാലം യാഥാർത്ഥ്യമാക്കുന്നതിന് ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർ നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

അഴിക്കോട് മുനമ്പം പാലം നിർമ്മാണത്തിന് കിഫ്ബി 2017-18 പദ്ധതി യിലുൾപ്പെടുത്തി തത്വത്തിലുള്ള ഭരണാനുമതിയും 154.626 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിന് സാങ്കേതി

കാനുമതി ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികളിലേക്ക് കടക്കാവുന്നതാണ്.

(സി) പ്രവൃത്തി അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തി നീണ്ടുപോകുന്നതിൽ ഉദ്യോഗസ്ഥരുടെ വീഴ്ച ശ്രദ്ധയിൽ പെട്ടിട്ടില്ല.

എടത്തുരുത്തിക്കടവ് പാലം നിർമ്മാണം

72(2428) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി എടത്തുരുത്തിക്കടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

എടത്തുരുത്തി (പെരുംതുരുത്തി) കടവ് പാലം നിർമ്മാണത്തിന് 28-1-2020-ലെ G.O(Rt) No. 105/2020/PWD പ്രകാരം 1370 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നറിയിക്കുമോ?

40 ലക്ഷം രൂപ

(സി) പ്രസ്തുത പണി പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

നിലവിൽ സമീപന റോഡുകൾക്ക് സ്ഥലം ലഭ്യമല്ല. സ്ഥലം ലഭ്യമല്ലാത്തതിനെ തുടർന്ന് തിരുരങ്ങാടി, വള്ളിക്കുന്ന് എന്നീ സ്ഥലങ്ങളിലെ എം.എൽ.എ.മാരുടെ ആവശ്യപ്രകാരം പാലത്തിന്റെ വീതി കുറച്ച് റിവൈസ്ഡ് ഡിസൈൻ തയ്യാറാക്കിയിരുന്നു. എന്നാൽ തുടർന്നും സ്ഥലം വിട്ടുനൽകുന്നതിന് സ്ഥലം ഉടമകൾ തയ്യാറാകാത്തതിനെ തുടർന്ന് എം.എൽ.എ.യുടെ നേതൃത്വത്തിലും, മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിലും ചർച്ചകൾ നടന്നുവരുന്നു. സ്ഥലം ലഭ്യമായാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly